"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കാർഷിക സൗജന്യ വൈദ്യതി പദ്ധതി Direct Benefit Transfer സമ്പ്രദായം മുഖാന്തിരം സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെട്ടുവിച്ചതിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം - എ) വകുപ്പ്**

സ.ഉ.(കൈ) നം.11/2023/AGRI തീയതി,തിരുവനന്തപുരം, 23-01-2023

---

പരാമർശം:-

1. സ.ഉ (എം.എസ്) നം. 82/2022/കൃഷി തീയതി : 22/09/2021
2. 07-12-2022, 19-12-2022 എന്നീ തീയതികളിലെ ADFW /3494 /2022-TA2 നമ്പർ കത്തുകൾ.
3. കൃഷി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 19/12/2022-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കാർഷിക സൗജന്യ വൈദ്യതി പദ്ധതി Direct Benefit Transfer സമ്പ്രദായം വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകിയും വ്യവസ്ഥകൾ പുറപ്പെട്ടുവിച്ചും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾ / പാടശേഖര സമിതികൾ എന്നിവയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് മുൻകൂറായി നൽകേണ്ടത് എന്ന് ഒന്നാമത്തെ വ്യവസ്ഥയായി നിഷ്കർഷിച്ചിരുന്നു. ഗ്രൂപ്പ് രൂപീകരത്തിൽ കർഷകരുടെ നിസ്സഹകരണം കാരണം Direct Benefit Transfer സമ്പ്രദായം നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം ഉണ്ട് എന്ന് ജില്ലാതല യോഗങ്ങളിൽ കൃഷി ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നതിനാൽ സർക്കാർ ഒരു ബദൽ സംവിധാനം രൂപപ്പെടുത്തുന്നതു പരിശോധിക്കണമെന്ന് പരാമർശം (2) ലെ കത്തുകൾ പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് കാർഷിക സൗജന്യ വൈദ്യതി പദ്ധതി പ്രകാരം മുൻകൂറായി കർഷകരുടെ അക്കൗണ്ടിൽ DBT മുഖേന തുക നൽകുന്ന രീതി നടപ്പിലാക്കുന്നതിലെ ബുദ്ധിമുട്ട് പരിശോധക്കുന്നതുമായി ബന്ധപ്പെട്ട് ഒരു അവലോകനയോഗം പരാമർശം (2) പ്രകാരം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാന പ്രകാരം പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ (a) ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

" (a) കെ.എസ്.ഇ.ബി. യിലേക്ക് തുക ഒടുക്കുന്നതിനുവേണ്ടി മാത്രമായി , കർഷക ഗ്രൂപ്പുകൾ / പാടശേഖര സമിതികൾ എന്നിവയുടെ പേരിലുള്ള desinated zero balance escrwo ബാങ്ക് അക്കൗണ്ട് ; ഗ്രൂപ്പുകൾ തുടങ്ങാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ ഗുണഭോക്താവായ കർഷകർക്ക് വ്യക്തിഗത designated zero balance escrow ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണ്. ആയതിനുള്ള നടപടി ഡയറക്ടർ , കാർഷിക വികസന

കർഷക ക്ഷേമ വകുപ്പ് സത്വരം സ്വീകരിക്കേണ്ടതാണ്. അപ്രകാരം ആരംഭിക്കുന്ന അക്കൗണ്ടിൽ നിന്നും കെ.എസ്.ഇ.ബി.യിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന് മാത്രമേ തുക പിൻവലിക്കുവാൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് കർഷകരുടെ പക്കൽ നിന്നും ഒരു സമ്മതപത്രം വാങ്ങേണ്ടതാണ്. പുതുതായി ആരംഭിക്കുന്ന കർഷക സംഘങ്ങൾ / പാടശേഖര സമിതികൾ എന്നിവയ്ക്ക് ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്. കൃഷി ഓഫീസറുമായി ചേർന്ന സംയുക്ത ബാങ്ക് അക്കൗണ്ട് ഇക്കാര്യത്തിൽ ആവശ്യമില്ല. നിലവിൽ ഗ്രൂപ്പിനു വേണ്ടി പ്രസിഡന്റ്, സെക്രട്ടറി, കൃഷി ഓഫീസർ എന്നിവരുടെ പേരിൽ ആരംഭിച്ചിട്ടുള്ള സംയുക്ത ബാങ്ക് അക്കൗണ്ടും കർഷക സംഘങ്ങൾ / പാടശേഖര സമിതികൾ എന്നിവരുടെ പേരിലുള്ള designated zero balance escrow ബാങ്ക് അക്കൗണ്ടാക്കി മാറ്റാവുന്നതാണ്. "

2. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടുകൂടി നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJITHDAS A
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, കെ.എസ്.ഇ.ബി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് I &II/എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഊർജ്ജ വകുപ്പ്
കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ (വിതരണം)
I&PRD (Web & News Media)
S/F, O/C

ഉത്തരവിൻ പ്രകാരം

Signed by
Megha R
സെക്ഷൻ ഓഫീസർ
Date: 23-01-2023 10:49:42

പകർപ്പ്:

ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസിന്

കാർഷികോൽപ്പാദന കമ്മീഷണറുടെ പി.എയ്ക്ക്

കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്